# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുറമറ്റം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P8/1386/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുറമറ്റം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P8/1386/2022 തീയ്യതി: 18/01/2023

## പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2022 | 13-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2022 | 13-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ പ്രദീപ് കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീമതി ദീപ എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സൗമ്യ വിജയൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ കുമാർ ബി പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീലത പി ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. അലക്സാണ്ടർ എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ ശ്യാംകുമാർ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 14-02-2022 |
| ശ്രീമതി നിഷാതാ ബീവി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 06-07-2021 | 31-03-2022 |
| ഡോ. പ്രേമാ ജോർജ്ജ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. പ്രിയേഷ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| ഡോ. ശ്രീജിത്ത് എൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലത മേരി തോമസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സുനിൽകുമാർ കെ യു | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി സബിത വി എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 12-07-2021 |
| ശ്രീമതി സ്വാതി ചന്ദ്രൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 13-07-2021 | 25-11-2021 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 26-11-2021 | 31-03-2022 |
| ശ്രീ ഒബി ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി രഞ്ജിനി | ഫിഷറീസ് ഓഫീസർ | 01-04-2021 | 08-09-2021 |
| ശ്രീ ശ്രീകുമാർ ജെ | ഫിഷറീസ് ഓഫീസർ | 09-09-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | തൊഴിൽനികുതി പിരിവ് പൂർണ്ണമല്ല | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-12 |
| 13 | മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് സാമൂഹ്യ സുരക്ഷപെൻഷൻ തുക കൈമാറി | 1-13 |
| 14 | മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ സ്റ്റാറ്റസ് സസ്പെന്റ് ചെയ്തില്ല | 1-14 |
| 15 | വെള്ളക്കരം ഇനത്തിൽ അധികം തുക ചെലവഴിക്കുന്നു | 1-15 |
| 16 | തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല | 1-16 |
| 17 | പൊതുമരാമത്ത് പ്രവൃത്തികൾ - ജി.എസ്.റ്റി - രേഖകൾ ലഭ്യമാക്കിയില്ല | 1-17 |
| 18 | തുക ഒടുക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല | 1-18 |
| 19 | ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും നടപ്പാക്കിയില്ല | 1-19 |
| 20 | റ്റേക്ക്-എ-ബ്രേക്ക് - നിർമ്മാണം പൂർത്തിയാക്കിയ ടോയ്‌ലറ്റ് പൂട്ടിയ നിലയിൽ | 1-20 |
| 21 | ലൈഫ് പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി വായ്പ- ബാങ്ക് സ്റ്റേറ്റ്മെന്റിൽ അവ്യക്തത | 1-21 |
| 22 | അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-22 |
| 23 | മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ ലഭിച്ചില്ല | 1-23 |
| 24 | സർക്കാർ പ്രൈമറി സ്കൂളിന് അടിസ്ഥാന സൗകര്യങ്ങളില്ല | 1-24 |
| 25 | ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങളില്ല | 1-25 |
| 26 | അഗതിരഹിതകേരളം - വികസനഫണ്ട് ചെലവഴിക്കുന്നില്ല | 1-26 |

| | | |
|---|---|---|
| 27 | ഡെപ്പോസിറ്റ് പ്രവൃത്തി- വാട്ടർ അതോറിറ്റിയിൽ നിന്ന് തുക തിരികെ ലഭിച്ച - അക്കൗണ്ടിൽ സൂക്ഷിക്കുന്നു | 1-27 |
| 28 | പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് ക്ലോസ്സ് ചെയ്തില്ല | 1-28 |
| 29 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേരുന്നില്ല | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ /വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 25.02.2021 തീയതിയിലെ I/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 18.02.2022 തീയതിയിലെ 1(I)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

2021-22 സാമ്പത്തികവർഷത്തെ വാർഷികധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. ഷെഡ്യൂൾ B3-Capital Contribution:- മുൻവർഷത്തെ തുക തന്നെയാണ് തൻവർഷവും ഉൾപ്പെടുത്തിയിട്ടുള്ളത് (16937675)

2. ഷെഡ്യൂൾ B5-Secured Loans-ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ തൻവർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക രേഖപ്പെടുത്തിയത് കൃത്യമല്ല. തൻവർഷം ലൈഫ് മിഷൻ സംസ്ഥാനവിഹിതമായി ലഭിച്ച 550000/- ബാങ്ക് പലിശ-16792 എന്നിവ ഉൾപ്പെടെയാണ് പ്രസ്തുത ഹെഡിൽ തുക ഉൾപ്പെടുത്തിയിട്ടുള്ളത്. തുക കൃത്യമാക്കേണ്ടതാണ്.

3. ഷെഡ്യൂൾ B11(a):- Capital Work In Progress- 395100/- രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ കണക്കുകൾ പ്രകാരം തൻവർഷം പാർട്ട് ബിൽപ്രകാരം തുക ചെലവഴിച്ചിട്ടില്ല.

4. ഷെഡ്യൂൾ B18-

A) Code-460500202-Deposit With KSEB:- പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണത്തിന് പൊതുമരാമത്ത് വകുപ്പിൽ ഡിപ്പോസിറ്റ് ചെയ്ത (പ്രോജക്ട്നമ്പർ S1/17) 150000/- രൂപ ഉൾപ്പെടെയാണ് പ്രസ്തുത ഹെഡിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. ആയത് കുറവ് ചെയ്യേണ്ടതാണ്.

B) Code:-460500205--Deposit With PWD-ഡിപ്പോസിറ്റ് തുകയായ 150000/- രൂപ ഉൾപ്പെടെ 197250/- യാണ് ഉൾപ്പെടുത്തേണ്ടത്.

5. 1-I, RP-43, B-15:- വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

6. ലൈഫ് മിഷൻ സോഴ്സ് ഡിഡക്ഷൻ തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വികസനഫണ്ട് ജനറൽ, എസ്.സി.പി. ഇനങ്ങളിലുള്ള വരവിന്റെ അക്കൗണ്ടിംഗ് കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10743779 |
| വരവ് | 47690457 |
| ആകെ | 58434236 |
| ചെലവ് | 48524215 |
| നീക്കിയിരിപ്പ് | 9910021 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | *തൻവർഷ വരവ്* | ആകെ | *ചെലവ്* | *നീക്കിയിരിപ്പ്/ ലാപ്സായ തുക* |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 8815041 | 8815041 | 8808414 | 6627 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 4096665 | 4096665 | 3538197 | 558468 |
| വികസന ഫണ്ട്(റ്റി.എസ്സ്.പി) | 0 | 5100 | 5100 | 0 | 5100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 5202519 | 5202519 | 2320787 | 2881732 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4033691 | 4033691 | 2337361 | 1696330 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3590132 | 3590132 | 2247028 | 1343104 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) | 0 | 1954201 | 1954201 | 1477632 | 476569 |

കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ..ജി.എസ് | 21319 | 15382236 | 15403555 | 15402262 | 1293 |
| ഐ.സി.ഡി.എസ്. | 73045 | 504646 | 577691 | 283135 | 294556 |

സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് )

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് | 1407284 | 88300 | 1495584 | 739195 | 756389 |
| ലൈഫ് മിഷൻ | 0 | 550000 | 550000 | 550000 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

വികസനഫണ്ടിനത്തിൽ ലൈഫ് മിഷൻ ലോൺ തിരിച്ചടവ്, അംഗൻവാടി ജീവനക്കാർക്ക് ഹോണറേറിയം എന്നീ ഇനങ്ങളിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുകയും. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) – സ.ഉ. (സാധാ) 1345/22 /ധന/26.02.2022 പ്രകാരം കുറവുചെയ്ത 6750000 രൂപയും , GO (Rt) നം 26 17/2022 /Fin 31.03.22 പ്രകാരം ലഭിച്ച വികസനഫണ്ട്(tsp), മെയിന്റനൻസ്ഗ്രാന്റ് (Road,Nonroad)എന്നിവയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് | വ്യത്യാസം | റിമാർക്സ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 8815041 | 7102248 | 1712793 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 968193/-+ അംഗൻവാടി ജീവനക്കാരുടെ ഹോണറേറിയം ഇനത്തിൽ കുറവ് ചെയ്ത 744600/- |
| വികസനഫണ്ട് (എസ് സി പി) | 4096665 | 3920858 | 175807 | ലൈഫ് മിഷൻ ലോൺ ഇനത്തിൽ സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത 175807 |
| വികസനഫണ്ട് (ററി എസ് പി) | 5100 | 0 | 5100 | GO (Rt) നം 2617/2022 /Fin 31.03.22 പ്രകാരം ലഭിച്ച തുക |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 5202519 | 4853319 | 349200 | GO (Rt) നം 2617/2022 /Fin 31.03.22 പ്രകാരം ലഭിച്ച തുക |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 4033691 | 4434000 | (-)400309 | GO(Rt)നം 2617/2022 /Fin 31.03.22 പ്രകാരം ലഭിച്ച 274691/-, സ.ഉ. (സാധാ) |

| | | | | |
|---|---|---|---|---|
| | | | | 1345/22/ധന/26.02.2022 പ്രകാരം കുറവുചെയ്തു 675000 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|
| 161 | 74715477 | 94 | 33134933 | 67 | 44 |

അംഗീകാരം ലഭിച്ച 61 പൊതുമരാമത്ത് പദ്ധതികളിൽ 36 എണ്ണവും നടപ്പാക്കിയില്ല. 61 പ്രവർത്തികൾക്കായി 1 കോടിയിലേറെ രൂപ വകയിരുത്തിയിരുന്നുവെങ്കിലും 34.5 ലക്ഷം രൂപ മാത്രമാണ് പദ്ധതിവിഹിതം വിനിയോഗിക്കാനായത്. അനുപൂരക പോഷകാഹാര പരിപാടിയുടെ സ്പിൽ ഓവർ പദ്ധതിക്ക് അംഗീകാരം വാങ്ങിയത് ഡിസംബർ 2021 ൽ മാത്രമാണ്. സ്പിൽ ഓവർ പദ്ധതികളിൽ 11 എണ്ണം നടപ്പാക്കാതെ ഉപേക്ഷിച്ചു.

2022-23 ലെ വാർഷിക പദ്ധതിയ്ക്ക് അംഗീകാരം വാങ്ങാനായത് 28.9.2022 ൽ മാത്രമാണ്. 2022-23 ലേക്ക് ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ഗ്രാമസഭ ചേർന്ന് ലിസ്റ്റ് അംഗീകരിച്ചത് 2022 നവമ്പർ 22 ന് മാത്രമാണ്. ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റ് തീയതിയിലും നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടില്ല. അപാകങ്ങൾ ഭരണതലത്തിൽ പരിഹരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 21319 | 443141 | 464460 | 463167 | .1293 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 11251420 | 11251420 | 11251420 | 0 |
| സാധനസാമഗ്രികൾ | 0 | 3687675 | 3687675 | 3687675 | 0 |
| ആകെ | 21319 | 15382236 | 15403555 | 15402262 | 1293 |

## 1-7 ക്ഷേമ പദ്ധതികൾ

2021-22സാമ്പത്തികവർഷം ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 106 | 1469300 |
| 2 | വികലാംഗ പെൻഷൻ | 126 | 2732000 |
| 3 | വാർദ്ധക്യകാല പെൻഷൻ | 1631 | 23141700 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 16 | 218600 |
| 5 | വിധവാ പെൻഷൻ | 458 | 6720700 |
| 6 | തൊഴിൽ രഹിത വേതനം | 1 | 1440 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 08-12-2022, 3.05 P. M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 9492 (ഒൻപതിനായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം പല മേഖലകളിലും പ്രകടമാണ്. ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ ഒട്ടേറെ പേർ മരണപ്പെട്ട ശേഷവും അവരുടെ അക്കൗണ്ടുകളിലേക്ക് തുക നൽകി വരുന്നു. മരണപ്പെട്ടവരിൽ ചിലരുടെ

അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ കഴിയാതെ ബാങ്കിന്റെ സസ്പെൻസ് ഹെഡിൽ സൂക്ഷിച്ച് വരുന്നുമുണ്ട്. ഗുരുതരമായ ഈ അപാകം ഓഡിറ്റ് കണ്ടെത്തുന്നത് വരെ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയെത്തിയില്ലയെന്നത് ഗൗരവതരമാണ്. 301 കുടിവെള്ള പൊതുടാപ്പുകൾക്കായി പ്രതിമാസം 138284 രൂപയാണ് വെള്ളക്കരം ആയി ഒടുക്കി വരുന്നത്. പ്രവർത്തിക്കാത്ത പൊതുടാപ്പുകൾ കണ്ടെത്തി ഒഴിവാക്കുന്നതിന് ഫലപ്രദമായി ഇടപെടാത്തതിനാൽ തനത് ഫണ്ടിൽ നിന്നുള്ള ഭീമമായ പാഴ്ചെലവ് തുടരുന്നു. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് ഇതേവരെ പദ്ധതി ഏറ്റെടുക്കാത്തതിനാൽ അവയുടെ വൈദ്യുതി ചാർജിനത്തിലും ദുർവ്യയം തടയാൻ കഴിഞ്ഞിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ മോണിട്ടറിംഗ് ഇല്ലാത്തതിനാൽ പൊതുമരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെ ഒട്ടേറെ പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പാക്കാൻ കഴിഞ്ഞില്ല.

പഞ്ചായത്ത് കമ്മിറ്റി യോഗ മിനിട്ട്സ് സമയബന്ധിതമായി “സകർമ്മ”-യിൽ രേഖപ്പെടുത്തി ക്ലോസ് ചെയ്യുന്നതിൽ അലംഭാവം ഉണ്ട്. പ്രധാനപ്പെട്ട പല രജിസ്റ്ററുകളും കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ലൈഫ് പദ്ധതിക്കായി എടുത്ത വായ്പയുടെയും തിരിച്ചടവിന്റെയും കൃത്യമായ കണക്കുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഉദ്യോഗസ്ഥർ ഇടയ്ക്കിടെ സ്ഥലം മാറ്റം ലഭിച്ച് പോകുന്നതിനാൽ മിക്ക സെക്ഷനുകളിലും ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ജോലി സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ഗ്രഹിയ്ക്കാൻ കഴിയാതെ വരുന്നുണ്ട്. ഭരണസമിതിയും ഉദ്യോഗസ്ഥരും തമ്മിലുള്ള ഏകോപനമില്ലായ്മയ്ക്ക് ഇത് ഇടയാക്കിയിട്ടുണ്ട്. ഓഫീസ് സൗകര്യങ്ങളുടെ പരിമിതിയും പഞ്ചായത്തിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതമാണ്. ഓഫീസിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് ലഭിച്ച തീയതി* |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.2.2018 | 2012-13 മുതൽ 2016-17 വരെ | 7.4.2018 |
| പെർഫോമൻസ് ഓഡിറ്റ് | 04.07.2022 - 05.07.2022 | 01/2022 മുതൽ 03/2022 വരെ | 28.11.2022 |

## 1-11 തൊഴിൽനികുതി പിരിവ് പൂർണ്ണമല്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം ഒരു പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കാൻ അവശേഷിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

1) ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1. | അസി. എഡ്യൂക്കേഷൻ ഓഫീസ്, വെണ്ണിക്കുളം | I&II |
| 2. | പി.ഡബ്ല്യൂ.ഡി റോഡ് സെക്ഷൻ, വെണ്ണിക്കുളം | II |
| 3. | ബി.എസ്.എൻ.എൽ, വെണ്ണിക്കുളം | I&II |
| 4. | മാവേലി സ്റ്റോർ, വെണ്ണിക്കുളം | I&II |
| 5. | കെ.എസ്.ഇ.ബി, വെണ്ണിക്കുളം(28 ജീവനക്കാർ) | I |
| 6. | അക്ഷയ സെന്റർ, പുറമറ്റം | I&II |
| 7. | അക്ഷയ സെന്റർ, വെണ്ണിക്കുളം | I&II |

| | | |
|---|---|---|
| 8. | റേഷൻ കടകൾ | I&II |

2) സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എസ്.ബി.ഐ, വെണ്ണിക്കുളം | I&II |
| 2 | പി. ആർ.ഡി ഫൈനാൻസിയേഴ്സ്, വെണ്ണിക്കുളം | II |
| 3 | മാവേലി സ്റ്റോർ, വെണ്ണിക്കുളം | I&II |
| 4 | കെ.എസ്.ഇ.ബി, വെണ്ണിക്കുളം | I&II |
| 5 | അക്ഷയ സെന്റർ, പുറമറ്റം | I&II |
| 6 | അക്ഷയ സെന്റർ, വെണ്ണിക്കുളം | I&II |
| 7 | റേഷൻ കടകൾ | I&II |

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 3/05.12.2022) മറുപടിയായി സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 14.01.2011-ലെ ജി.ഒ (പി) 14/2011 നമ്പർ ഉത്തരവനുസരിച്ച് മൊബൈൽ ടവറുകൾക്ക് ഗ്രാമപഞ്ചായത്തിൽ ചതുരശ്ര മീറ്ററിന് 500/- രൂപയാണ് അടിസ്ഥാന വസ്തു നികുതിയായി നിശ്ചയിച്ചിരിക്കുന്നത്. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | മൊബൈൽ ടവർ | വാർഡ് നം/കെട്ടിട നം. | വാർഷിക വസ്തു നികുതി തുക | കുടിശ്ശിക കാലയളവ് | കുടിശ്ശിക |
|---|---|---|---|---|---|
| 1. | സബ് ഡിവിഷണൽ ഓഫീസർ, ബി.എസ്.എൻ.എൽ, തിരുവല്ല | 3/262/A | 3798 | 2017-18 രണ്ടാം അർദ്ധവർഷം മുതൽ അടവാക്കിയിട്ടില്ല | 15614 |
| 2. | മാനേജർ, റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 3/499/A | 9666 | 2016-17 ഒന്നാം അർദ്ധവർഷം മുതൽ അടവാക്കിയിട്ടില്ല | 64517 |

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയതിൻ പ്രകാരം(നം.08/09.12.2022) ബി.എസ്.എൻ.എൽ ന്റെ നികുതി ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ നികുതി കുടിശ്ശിക അടവാക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതായും റിക്കവറി നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 മരണപ്പെട്ടവരുടെ അക്കൗണ്ടുകളിലേക്ക് സാമൂഹ്യ സുരക്ഷപെൻഷൻ തുക കൈമാറി

ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച സേവന സോഫ്റ്റ് വെയറും, പഞ്ചായത്തിലെ മരണ രജിസ്റ്ററും ഒത്തുനോക്കി പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | മരണ രജി. നം. | ഡി.ബി.റ്റി സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | ജോർജ് വി എസ്, വള്ളിക്കാലായിൽ, | Xxxxxxxx1607 | ഇന്ദിരാഗാന്ധി ദേശീയ | ആക്ടീവ് | 24/12/2020 | 05/21 | തുക ഗുണഭോക്താക്കളുടെ |

| | | | | | | | |
|---|---|---|---|---|---|---|---|
| | മഠത്തുംഭാഗം, പുറമറ്റം | | വാർദ്ധക്യകാല പെൻഷൻ | | | | അക്കൗണ്ടിൽ നിലവിലും നല്കി വരുന്നു |
| 2 | പുരുഷോത്തമൻ നായർ കെ ജി, കൊച്ചുപ്ലാക്കോട്ട്, പുറമറ്റം | Xxxxxxxx1080 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 05/05/2020 | 37/20 | - ടി- |
| 3 | ഗോപിനാഥൻ കെ കെ, മോഹന സദനം, പുറമറ്റം | Xxxxxxxx1241 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 31/10/2020 | 25/21 | -ടി - |
| 4 | മാത്യൂ കെ ജി, അൽഫോൺസാ ഭവൻ, വെണ്ണിക്കുളം | Xxxxxxxx0991 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09/12/2020 | 27/2021 | -ടി - |
| 5 | കണ്ണൻ കുഞ്ഞൂഞ്ഞ്, തോയാട്ട് പള്ളുഴത്തിൽ, വെണ്ണിക്കുളം | Xxxxxxxx0094 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 02/03/2021 | 36/21 | -ടി - |
| 6 | അമ്മിണി മാത്യൂ, പാറയ്ക്കൽ, വെണ്ണിക്കുളം | Xxxxxxxx0275 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 02/12/2020 | 41/21 | -ടി - |
| 7 | ഏലിയാമ്മ കുര്യൻ, മരുള്ളർ വീട്, പട്ടുതോട് | Xxxxxxxx1383 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 22/03/2021 | 43/21 | -ടി - |
| 8 | കുഞ്ഞമ്മ അനിയൻ, തെക്കേക്കണ്ണത്തില്, പുറമറ്റം | Xxxxxxxx0187 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 18/03/2021 | 51/21 | -ടി - |
| 9 | സരസ്വതിയമ്മ, വിജയവിലാസം, മുണ്ടൻമല,പുറമറ്റം | Xxxxxxxx0030 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | ആക്ടീവ് | 02/05/2021 | 54/21 | -ടി - |
| 10 | സുലൈമാൻ റാവുത്തർ പി എ, കട്ടുമുലശ്ശേരിൽ, നാരകത്താനി | Xxxxxxxx1110 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09/05/2021 | 62/21 | -ടി - |
| 11 | കുഞ്ഞമ്മ കുഞ്ഞൂഞ്ഞ്, കോലാനിക്കൽ വീട്, പുറമറ്റം | Xxxxxxxx0087 | കർഷക തൊഴിലാളി പെൻഷൻ | ആക്ടീവ് | 28/05/21 | 72/21 | -ടി - |
| 12 | അമ്മിണിയമ്മ വി കെ, മുണ്ടപ്ലാക്കൽ, പുറമറ്റം | Xxxxxxxx1227 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 14/11/2021 | 139/21 | -ടി - |
| 13 | ഹസ്സൻ റാവുത്തർ, പീഠികയിൽ, | Xxxxxxxx0737 | ഇന്ദിരാഗാന്ധി ദേശീയ | ആക്ടീവ് | 21/11/2021 | 140/21 | -ടി - |

| | | | | | | | |
|---|---|---|---|---|---|---|---|
| | നാരകത്താനി | | വാർദ്ധക്യകാല പെൻഷൻ | | | | |
| 14 | ഫിലിപ്പ് ചാക്കോ, കുഴിക്കാലയിൽ, മുണ്ടമല | Xxxxxxxx0750 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 31/01/2022 | 36/22 | -ടി - |
| 15 | ചിന്നമ്മ മാത്യു, കല്ലുവെട്ടാൻ കുഴിയിൽ, വെണ്ണിക്കുളം | Xxxxxxxx0471 | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷന് | ആക്ടീവ് | 10/02/2022 | 42/22 | -ടി - |
| 16 | ആമിന ബീവി, കുറ്റിപൂവത്തുങ്കൽ, പടുതോട് | Xxxxxxxx0841 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 15/05/2022 | 69/22 | -ടി - |
| 17 | അന്നമ്മ തോമസ്, അമ്പലവേലിൽ, പുറമറ്റം | Xxxxxxxx0351 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 25/05/2022 | 77/22 | -ടി - |
| 18 | പി വി വർഗ്ഗീസ്, പുളിക്കക്കുഴിയിൽ പുത്തൻ വീട്, പുറമറ്റം | Xxxxxxxx0032 | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | ആക്ടീവ് | 18/07/2022 | 97/22 | -ടി - |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും അവരുടെ പെൻഷൻ നിലവിലും സസ്പെന്റ് ചെയ്യാത്തതിനാൽ തുക അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നതായി കാണുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കുകയോ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/12.11.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ടി ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രാഥമികമായി പരിശോധിച്ച് കണ്ടെത്തിയ വിവരങ്ങളാണ് മേൽ കൊടുത്തിട്ടുള്ളത്. ആയതിനാൽ ടി. ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് മുൻപ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിനെ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റിയതായി കാണുന്ന പക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും, ഇത്തരത്തിൽ അനർഹമായി തട്ടിയെടുത്ത തുക അനന്തരവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ സ്റ്റാറ്റസ് സസ്പെന്റ് ചെയ്തില്ല

പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തതും ക്ഷേമപെൻഷൻ ലഭിച്ചിരുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാററസ്'സേവന സോഫ്റ്റ്‌വെയറിൽ' നാളിതുവരെയും സസ്പന്റ് ചെയ്യാത്തതിനാൽ അവരുടെ പേരിൽകേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിൽ നിന്നും പെൻഷൻ അനുവദിക്കുന്നതിനും, തുക ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ആകാതെ തിരികെ ട്രാൻസ്ഫർ ചെയ്യുന്നതിനും കാരണമാകുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐഡി | പെൻഷൻ ഇനം | പെൻഷൻ സ്റ്റാറ്റസ് | മരണപ്പെട്ട തീയതി | മരണ രജി. നം. | ഡി.ബി.റ്റി സ്റ്റാറ്റസ് |
|---|---|---|---|---|---|---|---|
| 1 | മേരി ചാക്കോ, പുള്ളുകാലായിൽ, കുമ്പനാട് | Xxxxxxxx0134 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല | ആക്ടീവ് | 09/01/2021 | 11/21 | ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | | സാധിച്ചിട്ടില്ല |
| 2 | തോമസ് മാത്യു, കുറ്റിയിൽ, മേമല | Xxxxxxxx0701 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 30/01/2021 | 24/21 | -ടി - |
| 3 | കെച്ചകുഞ്ഞ്, പൊട്ടൻമലയിൽ, പുറമറ്റം | Xxxxxxxx0122 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09/03/2020 | 56/21 | -ടി - |
| 4 | ജനാർദ്ദനൻ ആചാരി, അങ്ങാടിപ്പാട്ട് പുത്തൻപുരയ്ക്കൽ, പട്ടതോട് | Xxxxxxxx1034 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 26/05/2022 | 73/22 | -ടി - |
| 5 | പി. ആർ ഗോപാലകൃഷ്ണൻ നായർ, പാറ്റൂർ, പുറമറ്റം | Xxxxxxxx1259 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 06/05/2020 | 47/20 | -ടി - |
| 6 | ഭവാനി ദിവാകരൻ, കിഴക്കേപറമ്പിൽ, വാലാങ്കര | Xxxxxxxx0208 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 19/10/2020 | 89/20 | -ടി - |
| 7 | ജോസഫ് വർഗ്ഗീസ്, ഇടത്തറ, വെണ്ണിക്കുളം | Xxxxxxxx1246 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 11/08/21 | 96/21 | -ടി - |
| 8 | ഗിരിജാ ദേവി, പൂക്കുഴിയിൽ, മുണ്ടമല, പുറമറ്റം | Xxxxxxxx0157 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 09/07/21 | 84/21 | -ടി - |
| 9 | അന്നമ്മ ജേക്കബ്, പുത്തൻ പീടികയിൽ, വെണ്ണിക്കുളം | Xxxxxxxx0465 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 12/07/2020 | 67/20 | -ടി - |
| 10 | മത്തായി കൊച്ചുമത്തായി, കൊട്ടുപള്ളിൽ, പുറമറ്റം | Xxxxxxxx0707 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | ആക്ടീവ് | 04/05/2021 | 60/21 | -ടി - |

മുകളിൽ കൊടുത്തിട്ടുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ അനുവദിച്ച പെൻഷൻ തുക ക്രഡിറ്റ് ആകാതെ തിരികെ സോഷ്യൽ സെക്യൂരിറ്റി മിഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തന്നെ മടങ്ങുകയാണ്. എന്നാൽ ഈയിനത്തിൽ അധിക കമ്മീഷൻ ബാങ്കുകൾക്ക് നൽകേണ്ടി വരുന്നു. ആയതിനാൽ ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ ക്ഷേമ പെൻഷൻ സ്റ്റാറ്റസ് അടിയന്തിരമായി സസ്പെന്റ് ചെയ്യേണ്ടതാണ്.

## 1-15 വെള്ളക്കരം ഇനത്തിൽ അധികം തുക ചെലവഴിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 138284 രൂപയാണ് പ്രതിമാസം ചെലവഴിക്കുന്നത്. നിലവിൽ 301 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കുന്നത്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് കേരളവാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ

9/2022 Dtd 09.12.2022) മറുപടി ലഭിച്ചിട്ടില്ല. ഉപയോഗപ്രദമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം തുക ഒടുക്കുന്നത് അംഗീകരിക്കാനാവില്ല. പൊതുടാപ്പുകളേക്കാൾ ഗാർഹിക കണക്ഷന് മുൻഗണന നൽകണമെന്നും അപ്രകാരം ചെയ്ത ശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ ക്രമേണ നിർത്തലാക്കണമെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖയുടെ [ജി.ഒ.(എം.എസ്) 362/2013തീയതി 16.11.2013] അനുബന്ധം 1 ഖണ്ഡിക നം (8) ൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചും, സംയുക്തപരിശോധന നടത്തിയും പൊതുടാപ്പുകളുടെ വെള്ളക്കരത്തിൽ പഞ്ചായത്തിനുണ്ടാകുന്ന പാഴ് ചെലവ് കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല

ഗ്രാമപ്പഞ്ചായത്തിലെ തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കാത്തതിനാൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 68036 രൂപയാണ് പ്രതിമാസം തനതുഫണ്ടിൽ നിന്ന് ചെലവഴിക്കുന്നത്. ഇതുമൂലം കറന്റ് ചാർജ് ഇനത്തിൽ അധികം തുക അടക്കേണ്ട സ്ഥിതി സംജാതമാകുന്നു. മീറ്റർ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/22 Dtd 09.12.2022) മറുപടി ലഭിച്ചിട്ടില്ല. തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനും അതുവഴി വൈദ്യുതി ചാർജ്ജ് ക്രമീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 പൊതുമരാമത്ത് പ്രവൃത്തികൾ - ജി.എസ്.റ്റി - രേഖകൾ ലഭ്യമാക്കിയില്ല

എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ ജി.എസ്.റ്റി ഒടുക്കുന്നത് വഴിയുള്ള അധിക ബാദ്ധ്യത തുക കരാറുകാർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ഡി.ബി3-9058/17/CE/തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്റ്റ് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.റ്റി ഒടുക്കുന്നത് സംബന്ധിച്ച് കരാറുകാർ ഓരോ വർഷവും ഒരു സെൽഫ് ഡിക്ലറേഷൻ ഫോം ജി.എസ്.റ്റി വകുപ്പിലും തദ്ദേശഭരണ സ്ഥാപനത്തിലും സമർപ്പിക്കേണ്ടതാണെന്ന് തുടർന്ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം നൽകിയിട്ടുള്ളത്. ഗ്രാമപ്പഞ്ചായത്തിൽ നടപ്പാക്കിയതും 2.5 ലക്ഷത്തിൽ താഴെ മൂല്യം ഉള്ളതുമായ എല്ലാ പ്രവൃത്തികൾക്കും കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെയോ ജി.എസ്.റ്റി വകുപ്പിൽ സെൽഫ് ഡിക്ലറേഷൻ സമർപ്പിച്ചതിന്റെയോ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവ് ഉള്ള പ്രവൃത്തികൾക്ക് ബില്ലിൽ നിന്ന് TDS മുഖേന ജി.എസ്.റ്റി ഈടാക്കി ഒടുക്കേണ്ടാത്തതിനാൽ ഇത്തരം പ്രവൃത്തികളുടെ വിവരം ജി.എസ്.റ്റി വകുപ്പിന് ലഭിക്കുന്നില്ല എന്ന സാഹചര്യവുമുണ്ട്. മേൽസൂചിപ്പിച്ച അപാകം ഉള്ളതും പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കരാറുകാരന്റെ പേര് | ആകെ പ്രവൃത്തിമൂല്യം (TD കുറച്ച തുക) | ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%) | ബിൽ റഫറൻസ് നമ്പർ/ വൗച്ചർ നമ്പർ, തീയതി |
|---|---|---|---|---|---|
| 1 | ഓ.സി റോഡ് പുനരുദ്ധാരണം | ബാബു ആർ കെ | 217468 | 26096 | 71227/ 7.2.22 |
| 2 | പൂവേലിപ്പടി പാറയിൽപ്പടി റോഡ് | അജിത് സക്കറിയ | 54563 | 6548 | 41398/ 1.2.22 |

| | | | | | |
|---|---|---|---|---|---|
| 3 | 9 ാം വാർഡ് ചേറ്റതടം ലൈബ്രറി പുനരുദ്ധാരണം | ലിബു കെ മാമ്മൻ | 120355 | 14443 | 18071/ 30.3.22 |
| 4 | തൈക്കൂട്ടത്തിൽപ്പടി തെക്കേക്കണ്ണാട്ട് പടി റോഡ് പുനരുദ്ധാരണം | അജിത് സക്കറിയ | 54530 | 6544 | 41416/ 1.2.22 |
| 5 | തോണിപ്പാറ-വെള്ളാറക്കോളനി-പെനിയാത്ത്പടി റോഡ് പുനരുദ്ധാരണം | പ്രശാന്ത് പ്രസാദ് | 101501 | 12180 | 57780// 4.2.22 |
| 6 | എട്ടകലുങ്ങ് കോലത്ത്പടി റോഡ് പുനരുദ്ധാരണം | പ്രശാന്ത് പ്രസാദ് | 218150 | 26178 | 71214/ 7.2.22 |
| 7 | ചിനക്കാല കോളനിയിൽ സംരക്ഷണഭിത്തി, നടപ്പാത നിർമ്മാണം | വർക്കി | 136018 | 16322 | 16815 രൂപ (25.2.21) 50000 രൂപ (17.3.21) BRN 25230/ 22.2.21 85525 രൂപ |
| 8 | വട്ടകോട്ടൽ ഗവ.യുപിഎസ് മെയിന്റനൻസ് | ചാണ്ടി വർക്കി | 67427 | 8091 | 41423/ 1.2.22 |
| 9 | പനാലിക്കുഴി റോഡ് പുനരുദ്ധാരണം | ജോർജ് കെ എം | 204396 | 24528 | 61406/ 7.3.22 |
| 10 | അംഗൻവാടി നമ്പർ 35 പുനരുദ്ധാരണം | ബിന്ദു ബിജു | 72671 | 8721 | BRN 16531/ 30.3.22 |
| 11 | കാക്കനാട്ട് പമ്പ്ഹൌസ് റോഡ് റീകോൺക്രീറ്റിംഗ് | മാത്യു ജേക്കബ് | 202093 | 24251 | BRN 37321/ 16.2.22 |
| 12 | ബ്ലോക്ക് മല കോളനി റോഡ് റീകോൺക്രീറ്റിംഗ് | ഷൈജു പി ബി | 128804 | 15456 | BRN 37316/ 16.2.22 |
| 13 | മൈലാട്ടുംപാറ കരിയിലേത്ത് പടി റോഡ് | ബിനു ജോൺ | 89184 | 10702 | BRN 50123/ 25.3.22 |
| 14 | കാളച്ചന്ത ഉണ്ടിക്കാല റോഡ് | പ്രണവ് പ്രസാദ് | 111079 | 13329 | BRN 71221/ |

| | | | | |
|---|---|---|---|---|
| | പുനരുദ്ധാരണം | | | 7.2.22 |
| 15 | ഇളങ്ങാത്ത് കണ്ണാട്ട് റോഡ് | 54515 | 6542 | BRN 71238/ 7.2.22 |
| 16 | പുല്ലേലിമല വാട്ടർടാങ്ക് റോഡ് | 216542 | 25985 | BRN 71248/ 7.2.22 |
| 17 | മാളിയേക്കൽപ്പടി പട്ടതോട് മല – മരുളുർപ്പടി റോഡ് | 89235 | 10708 | BRN 23510/ 28.2.22 |
| ആകെ | | | 256624 | |

മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ ജി.എസ്.റ്റി കരാറുകാർ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 7.12.2022 ൽ 6-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, രേഖകൾ ഉടനെ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചുവെങ്കിലും ആയത് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ജി.എസ്.റ്റി കോമ്പൻസേഷൻ ഇനത്തിൽ ചെലവഴിച്ച 256624 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 തുക ഒടുക്കി വർഷങ്ങൾ കഴിഞ്ഞിട്ടും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല

വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതിന് മുൻവർഷങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്ത ഒട്ടേറെ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കിയില്ല. 2012-13 മുതൽ 2020-21 വരെ ഏറ്റെടുത്ത പദ്ധതികളാണിവ. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തീയതി | ഡെപ്പോസിറ്റ് തുക |
|---|---|---|---|
| 1 | ചീനിക്കാല കോളനി 5 വീടുകൾക്ക് പൈപ്പ് ലൈൻ നീട്ടൽ S79/13 | 30.3.2013 | 31525 |
| 2 | 6 വീടുകൾക്ക് പൈപ്പ് ലൈൻ നീട്ടൽ S80/13 | 30.3.2013 | 30294 |
| 3 | കട്ടച്ചിറ കോളനി പൈപ്പ് ലൈൻ നീട്ടൽ S82/13 | 30.3.2013 | 180000 |
| 4 | മാലയിൽപ്പടി നീർവേലിപ്പടി പൈപ്പ് ലൈൻ നീട്ടൽ S130/14 | 30.3.2014 | 100000 |
| 5 | 12 ാം വാർഡിൽ പൈപ്പ് ലൈൻ നീട്ടൽ S80/15 | 25.3.2015 | 100000 |
| 6 | പുള്ളോലിക്കൽ പൈപ്പ് ലൈൻ നീട്ടൽ S162/15 | 30.3.2015 | 100000 |
| 7 | വേലൻപറമ്പിൽ പൈപ്പ് ലൈൻ നീട്ടൽ S142/15 | 30.3.2015 | 100000 |
| 9 | കരിമ്പന മുറി കോളനി പൈപ്പ് ലൈൻ നീട്ടൽ S166/15 | 30.3.2015 | 182600 |
| 10 | പാണ്ടിയാങ്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ S163/15 | 30.3.2015 | 100000 |
| 11 | പവർവിഷൻ മുക്കഴിക്കൽപ്പടി പൈപ്പ് ലൈൻ നീട്ടൽS88/15 | 31.3.2015 | 60000 |
| 12 | പുറമറ്റം മാർക്കറ്റ് പൈപ്പ് കണക്ഷൻ S87/15 | 31.3.2015 | 15000 |

| | | | |
|---|---|---|---|
| 13 | മണ്ണന്താനത്ത് മാർത്ത പൈപ്പ് ലൈൻ നീട്ടൽ S82/15 | 31.3.2015 | 30000 |
| 14 | വാർഡ് 1,4,5,12 സങ്കേതം കോളനി പൈപ്പ് ലൈൻ നീട്ടൽ S149/16 | 31.3.2016 | 200000 |
| 15 | ഷോപ്പിംഗ് കോംപ്ലക്സ് വാട്ടർ കണക്ഷൻ S3/17 | 31.3.2017 | 100000 |
| 16 | 38 ാം നമ്പർ അംഗൻവാടി വാട്ടർ കണക്ഷൻ S122/17 | 31.3.2017 | 20000 |
| 17 | അംഗൻവാടികൾക്കുള്ള വാട്ടർ കണക്ഷൻ S49/17 | 31.3.2017 | 400000 |
| 18 | ഹോമിയോ ക്ലിനിക് വാട്ടർ കണക്ഷൻ S5/17 | 31.3.2017 | 100000 |
| 19 | പുല്ലേലിമല എസ് സി കോളനി വാട്ടർ കണക്ഷൻ S144/17 | 31.3.2017 | 100000 |
| 20 | ചേലക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ S62/18 | 17.10.2017 | 100000 |
| 21 | പുല്ലേലിമല എസ് സി കോളനി വാട്ടർ കണക്ഷൻ S143/18 | 31.3.2017 | 13000 |
| 22 | സങ്കേതം കോളനി പൈപ്പ് ലൈൻ നീട്ടൽ S177/19 | 29.12.2018 | 94000 |
| 23 | ഇടത്തറ കോളനി പൈപ്പ് ലൈൻ നീട്ടൽ S216/19 | 19.1.2019 | 201570 |
| 24 | കാവുങ്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ S109/19 | 1.6.2019 | 30000 |
| 25 | ഇടത്തറ സങ്കേതം കോളനി പൈപ്പ് ലൈൻ നീട്ടൽ S50/21 | 9.7.2020 | 91000 |
| ആകെ | | | 2479989 |

വൈദ്യുതീകരണത്തിനായി കെ.എസ്.ഇ.ബി, പി.ഡബ്ല്യൂ.ഡി എന്നിവ മുഖേന 2016-17 ൽ നടപ്പാക്കിയ താഴെപ്പറയുന്ന 3 പദ്ധതികളുടെ പൂർത്തീകരണം ഉറപ്പാക്കുന്നതിന് അവയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല.

| പദ്ധതിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | നിർവ്വഹണ ഏജൻസി |
|---|---|---|
| കാവുങ്കൽ വ്യവസായപരിശീലന കേന്ദ്രം വൈദ്യുതീകരണം | 85840 | കെ.എസ്.ഇ.ബി |
| കട്ടച്ചിറ സാംസ്കാരികനിലയം വൈദ്യുതീകരണം | 80040 | കെ.എസ്.ഇ.ബി |
| പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 150000 | പി.ഡബ്ല്യൂ.ഡി |

ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിനും വിനിയോഗ സാക്ഷ്യപത്രം വാങ്ങുന്നതിനും നടപടി സ്വീകരിക്കാതിരുന്നത് ന്യൂനതയാണ്. മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-19 ആവിഷ്കരിച്ച പൊതുമരാമത്ത് പ്രവൃത്തികൾ ഭൂരിഭാഗവും നടപ്പാക്കിയില്ല

ഏറ്റെടുത്ത പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഗുരുതരമായ അനാസ്ഥ ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷം ആവിഷ്കരിച്ച 61 പൊതുമരാമത്ത് പദ്ധതികളിൽ 36 എണ്ണവും നടപ്പാക്കിയില്ല. ആകെ 1 കോടി രൂപ അടങ്കൽ ഉള്ള പൊതുമരാമത്ത് പദ്ധതികൾ ആവിഷ്കരിച്ചെങ്കിലും 34.5 ലക്ഷം രൂപ മാത്രമാണ് പദ്ധതിവിഹിതം വിനിയോഗിക്കാനായത്. മെയിന്റനൻസ് ഫണ്ട് റോഡ്, റോഡിതരം എന്നീ ഇനങ്ങളിൽ യഥാക്രമം 4853319 രൂപയും 3759000 രൂപയും ലഭിച്ചപ്പോൾ യഥാക്രമം 2320787 രൂപയും 2337361 രൂപയും മാത്രമാണ് ഓഡിറ്റ് വർഷം

ചെലവഴിച്ചത്. പദ്ധതികൾ സമയബന്ധിതമായി നിർവ്വഹിക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും ഗുരുതരമായ അനാസ്ഥ ഉണ്ടായതായി വിലയിരുത്തുന്നു. ഭരണതലത്തിൽ ഈ വിഷയത്തിൽ കൃത്യമായ ഇടപെടൽ ഉണ്ടാകുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 റ്റേക്ക്-എ-ബ്രേക്ക് - നിർമ്മാണം പൂർത്തിയാക്കിയ ടോയ്‌ലറ്റ് പൂട്ടിയ നിലയിൽ

ഓഡിറ്റ് വർഷം 500000 രൂപ അടങ്കൽ വകയിരുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ റ്റേക്ക്-എ-ബ്രേക്ക് പദ്ധതി പ്രകാരം പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ടോയ് ലറ്റ് കെട്ടിടത്തിന്റെ പണി പൂർത്തിയാക്കുകയും അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. കെട്ടിട നിർമ്മാണത്തിന് 444331 രൂപയും വൈദ്യുതീകരണത്തിന് 33194 രൂപയും ആണ് ചെലവ്. എന്നാൽ നിർമ്മാണം പൂർത്തീകരിച്ചെങ്കിലും കെട്ടിടം പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കാതെ പൂട്ടിയിട്ട നിലയിലാണ്. ടോയ്‌ലറ്റ് പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ലൈഫ് പദ്ധതി - കെ.യു.ആർ.ഡി.എഫ്.സി വായ്പ- ബാങ്ക് സ്റ്റേറ്റ്മെന്റിൽ അവ്യക്തത

ലൈഫ് ഭവനപദ്ധതിക്കായി ഗ്രാമപ്പഞ്ചായത്തിന് ഓഡിറ്റ് തീയതി വരെ കെ.യു.ആർ.ഡി.എഫ്.സി മുഖേന ആകെ 2928105 രൂപ വായ്പ ലഭ്യമായിട്ടുണ്ട്. വായ്പത്തുകയിൽ 2748105 രൂപ പദ്ധതിക്കായി നാളിതുവരെ ചെലവഴിച്ചു. ലഭ്യമാകുന്ന വായ്പത്തുക കേരളാ ഗ്രാമീൺ ബാങ്കിന്റെ വെണ്ണിക്കുളം ശാഖയിൽ ഉള്ള അക്കൌണ്ടിലാണ് (അക്കൌണ്ട് നമ്പർ SB101 40360101005525) ക്രെഡിറ്റ് ചെയ്ത് പദ്ധതിക്കായി വിനിയോഗിക്കുന്നത്. പദ്ധതിയുടെ സംസ്ഥാന സർക്കാർ വിഹിതം ആയി ലഭിച്ച തുക ടി അക്കൌണ്ടിൽ " കെ.യു.ആർ.ഡി.എഫ്.സി- യിൽ നിന്നുള്ള വായ്പത്തുക " എന്ന പേരിൽ രേഖപ്പെടുത്തി ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ വ്യക്തമായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തീയതി | Transaction ID (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | Transaction Particulars (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | ബാങ്ക് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്ത തുക | ലൈഫ് മിഷൻ പോർട്ടൽ പ്രകാരം ഉള്ള വിവരം |
|---|---|---|---|---|---|
| 1 | 4.5.2021 | S63533571/2 | RTGS CEO LIFE MISSION KURDFC | 400000 | LIFE SC ST Dept Fund |
| 2 | 26.7.2021 | S88323851/2 | RTGS CEO LIFE MISSION KURDFC | 668600 | LIFE State Fund |
| 3 | 15.3.2022 | S97835604/ 2 | RTGS CEO LIFE MISSION KURDFC | 550000 | LIFE State Fund |

ലൈഫ് ഭവനപദ്ധതി പ്രകാരം ലഭ്യമായ സംസ്ഥാന സർക്കാർ വിഹിതം തെറ്റായി കെ.യു.ആർ.ഡി.എഫ്.സി - യിൽ നിന്നുള്ള വായ്പ എന്ന പേരിൽ ബന്ധപ്പെട്ട ബാങ്ക് അക്കൌണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത് ഗൌരവതരമായ അപാകം ആണ്. വായ്പ സംബന്ധിച്ച് സർക്കാരിന് നൽകുന്ന കണക്കുകളിൽ തെറ്റ് സംഭവിക്കുന്ന പക്ഷം, അതുവഴി യഥാർത്ഥത്തിൽ എടുത്തതിനേക്കാൾ കൂടുതൽ വായ്പത്തുക പഞ്ചായത്തിന് തിരിച്ചടയ്ക്കേണ്ടുന്ന സാഹചര്യം സംജാതമാകുമെന്ന് വിലയിരുത്തുന്നു. ലൈഫ് മിഷൻ, കെ.യു.ആർ.ഡി.എഫ്.സി എന്നിവയുമായി ബന്ധപ്പെട്ട് വായ്പ സംബന്ധിച്ച കണക്കുകളിലെ അപാകം പരിഹരിക്കേണ്ടതാണ്.

## 1-22 അലോപ്പതി മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ഗ്രാമപ്പഞ്ചായത്തിൽ 2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥയായി വിവിധ പദ്ധതികൾക്കായി മരുന്നുകൾ വാങ്ങുന്നതിന് ചുവടെ ചേർക്കും പ്രകാരം KMSCL എന്ന സ്ഥാപനത്തിനു മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 46/22, PHCയ്ക്ക് മരുന്ന വാങ്ങൽ | 350000 | 226197 | 123803 | 2105095201150015 6109/28.06.2021 |
| 43/22 പാലിയേറ്റീവ് പരിചരണം | 323540 | 214187 | 109353 | 2105095201151251692/05.03.22 /28.06.2021 |
| 121/22, കോവിഡ് 19 പ്രതിരോധ മരുന്ന വാങ്ങൽ | 249998 | 93610 | 156388 | 2105095201150128 0340/09.03.2022 |
| ആകെ | | | 389544s | |

മേൽ ബില്ലുകൾ പ്രകാരം ചെലവഴിച്ച തുകയിൽ അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 മുൻകൂർ തുക നൽകിയിട്ടും ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ ലഭിച്ചില്ല

2021-22 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങുന്നതിന് ഹോംകോയ്ക്ക് ചുവടെ ചേർക്കും പ്രകാരം മുൻകൂർ തുക നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ/പേര് | മുൻകൂർ നൽകിയ തുക | ലഭിച്ച മരുന്നുകൾ | അവശേഷിക്കുന്ന തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|---|
| 45/22,ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുവാങ്ങൽ | 50000 | 0 | 50000 | 2105095201150089 5396/24.12.21 |

മേൽ പദ്ധതി പ്രകാരം ചെലവഴിച്ച തുകയുടെ മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-24 സർക്കാർ പ്രൈമറി സ്കൂളിന് അടിസ്ഥാന സൗകര്യങ്ങളില്ല

പുറമറ്റം ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക പ്രൈമറി വിദ്യാഭ്യാസ സ്ഥാപനമാണ് വട്ടക്കോൽ ഗവ:യു.പി സ്കൂൾ. ഏകദേശം 100 ലധികം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത നിലനിൽക്കുന്നു. സ്കൂളിന്റെ കെട്ടിടം വളരെ പഴക്കമുള്ളതും ജീർണ്ണാവസ്ഥയിലുമാണ്. വളരെ പഴക്കം ചെന്ന കെട്ടിടമായതിനാൽ സൗകര്യങ്ങൾ പരിമിതമാണ്. സ്കൂളിന്റെ ഗേറ്റ് കാലഹരണപ്പെട്ടതും ചുറ്റുമതിലുകൾ ഭാഗികമായി മാത്രമുള്ളതുമാണ്. പാചകപ്പുര ശോചനീയാവസ്ഥയിലാണ്. സ്കൂളിൽ നിലവിൽ സ്മാർട്ട് ക്ലാസ് മുറികളൊന്നുമില്ല. സ്മാർട്ട് ക്ളാസ്സ്റൂമിനായി പ്രത്യേക മുറി നിർമ്മിച്ച നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സ്കൂളിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫർണ്ണിച്ചറുകൾ കാലഹരണപ്പെട്ടതാണ്. കൂടാതെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഡെസ്ക്, ബഞ്ച് എന്നിവയുടെ കുറവും നിലനിൽക്കുന്നു. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്കൂളിൽ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ അനിവാര്യമാണെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചിട്ടുണ്ട്. സ.ഉ(കൈ) നമ്പർ 11/2018 ത.സ്വ.ഭ.വ 29.01.18 ലെ പദ്ധതിമാർഗ്ഗരേഖ ഖ: 7.6 ൽ പൊതുവിദ്യാലയങ്ങൾക്ക് അടിസ്ഥാനസൗകര്യങ്ങൾ നൽകുന്നതിനും ഫർണിച്ചർ ലഭ്യമാക്കുന്നതിനും മുൻഗണന നൽകേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനുമാവശ്യമായ നടപടികൾക്കും ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ഗ്രാമപഞ്ചായത്തിലെ അംഗൻവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങളില്ല

ഗ്രാമപഞ്ചായത്തിലെ 17 അംഗൻവാടികളിൽ 9 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 6 എണ്ണം വാടകക്കെട്ടിടത്തിലും 2 എണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. 28 -ാം നമ്പർ അംഗൻവാടിക്ക് സ്വന്തം കെട്ടിടം ഉണ്ടെങ്കിലും Unfit ആയതിനാൽ നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 39-ാം നമ്പരിന് സൗജന്യമായി സ്ഥലം ലഭിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. 127, 131 എന്നിവക്ക് സ്ഥലം ലഭിച്ചിട്ടുണ്ടെങ്കിലും കെട്ടിടനിർമ്മാണത്തിന് തുടർ

നടപടികൾ എടുത്തിട്ടില്ല. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 123 -ാം നമ്പർ അംഗൻവാടിക്ക് ചുറ്റുമതിൽ ഇല്ല. 33-ാം നമ്പർ അംഗൻവാടിക്ക് അറ്റകുറ്റപ്പണികൾ ആവശ്യമാണ്, വാടകക്ക് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വകുപ്പിൽ നിന്നും ലഭിക്കുന്ന വാടകക്ക് പുറമെയുള്ള വാടക നൽകുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 അഗതിരഹിതകേരളം - വികസനഫണ്ട് ചെലവഴിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ നിർദ്ധനരും നിരാലംബരുമായ ഗുണഭോക്താക്കളെ കണ്ടെത്തി അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവിതനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം. പദ്ധതിക്കായി ഗ്രാമപഞ്ചായത്ത് നൽകുന്ന വികസനഫണ്ട് ചെലവഴിക്കുന്നില്ല. പദ്ധതി ആരംഭിച്ച ശേഷം നാളിതുവരെയുള്ള പദ്ധതിയുടെ ചെലവുവിവരം ചുവടെ ചേർക്കുന്നു

| ഫണ്ടിനം | വകയിരുത്തിയ തുക | മുൻബാക്കി | ലഭിച്ച തുക | ആകെ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| ചലഞ്ച് ഫണ്ട് | 2915100 | 275438 | 1192008 | 1467446 | 1735562 |
| വികസനഫണ്ട് | 7460000 | 625574 | 900000 | 1525574 | 480000 |
| പലിശ | 0 | 192711 | 97604 | 290315 | 118 |
| ആകെ | 10375100 | | | 3283335 | 2215680 |

2021-22 സാമ്പത്തിക വർഷം വികസനഫണ്ട് ഇനത്തിൽ 200000/- രൂപ നൽകിയിട്ടുണ്ടെങ്കിലും ആയത് നിഷ്ക്രിയമായി അക്കൗണ്ടിൽ അവശേഷിക്കുന്നു. ഭക്ഷണവിതരണം മാത്രമാണ് പദ്ധതി തുടങ്ങി മൂന്നു വർഷങ്ങൾ പിന്നിടുമ്പോഴും പ്രധാനമായും നടക്കുന്നത്. പദ്ധതി അക്കൗണ്ടിൽ 1067655/- രൂപ അവശേഷിക്കുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന വികസനഫണ്ട് സർക്കാർ മാർഗ്ഗരേഖപ്രകാരം ചെലവഴിച്ച് അഗതിരഹിതകേരളം പദ്ധതി ലക്ഷ്യ പ്രാപ്തിയിൽ എത്തിക്കുന്നതിനും ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 ഡെപ്പോസിറ്റ് പ്രവൃത്തി- വാട്ടർ അതോറിറ്റിയിൽ നിന്ന് തുക തിരികെ ലഭിച്ചു - അക്കൗണ്ടിൽ സൂക്ഷിക്കുന്നു

കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തികൾക്ക് ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗശേഷം അവശേഷിച്ച 978018 രൂപ വാട്ടർ അതോറിറ്റി, തിരുവല്ലയിൽ നിന്നും ഓഡിറ്റ് വർഷം തിരികെ ലഭിച്ചിട്ടുണ്ട് . ഏത് പദ്ധതി പ്രകാരം ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകയാണിതെന്ന് ബന്ധപ്പെട്ട ഫയലിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. ചെക്ക് നമ്പർ 125521/ 24.3.22 പ്രകാരം ലഭിച്ച തുക 12.4.2022 ൽ ഫെഡറൽ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു. എന്നാൽ തുക ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപാധി ഫണ്ടിനത്തിൽ ഉള്ളതായതിനാൽ നാളിതുവരെ സമാന പദ്ധതികൾക്ക് വകയിരുത്തി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. തുക ജലജീവൻ മിഷൻ പദ്ധതിവിഹിതം ആയി വിനിയോഗിക്കുന്നതിനോ, അല്ലാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടയ്ക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് ക്ലോസ്സ് ചെയ്തില്ല

ചുവടെ പറയുംപ്രകാരം നടന്ന പഞ്ചായത്ത് കമ്മിറ്റികളുടെ മിനിട്സ് ഓഡിറ്റ് തീയതിയിലും ക്ലോസ് ചെയ്തിരുന്നില്ല.

| തീയതി | യോഗ നമ്പർ | റിമാർക്സ് |
|---|---|---|
| 23.8.2022 | 23 | സാധാരണ യോഗം |
| 29.9.2022 | 25 | |
| 10.10.2022 | 26 | |
| 2.11.2022 | 27 | |
| 28.11.2022 | 30 | |

അപാകം സംബന്ധിച്ച് 12.12.2022ൽ 2-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെത്തുടർന്ന് പട്ടികയിൽ ആദ്യം സൂചിപ്പിച്ച 2 യോഗങ്ങളുടെ മിനിട്ട്സ് പൂർണ്ണമായി രേഖപ്പെടുത്തി ക്ലോസ് ചെയ്തെങ്കിലും, അവസാന മൂന്ന് എണ്ണം ഓഡിറ്റ് പൂർത്തീകരിച്ച സമയത്തും ക്ലോസ് ചെയ്തിരുന്നില്ല. യഥാസമയം മിനിട്സ് ക്ലോസ് ചെയ്യാത്തത് ഗുരുതരമായ കൃത്യവിലോപം ആയി വിലയിരുത്തുന്നു. ഇത് മിനിട്സിൽ കൃത്രിമമായി രേഖപ്പെടുത്തൽ നടത്തുന്നതിനും മറ്റ് ക്രമക്കേടുകൾക്കും ഇടയാകും എന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. അപാകം ആവർത്തിക്കാതിരിക്കുന്നതിന് ഭരണതലത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

### 1-29 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേരുന്നില്ല

സ.ഉ(സാധാ) നമ്പർ 553/19 ത.സ്വ.ഭ.വ തീയതി 07.03.2019 പാലിയേറ്റീവ് പദ്ധതിമാർഗ്ഗ രേഖ ഖ 2.9 പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് കമ്മിറ്റി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പരിഹാരനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുക്കേണ്ടതുമാണ്. കൂടാതെ ഓരോ മാസത്തേയും റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും PMC ആയത് അംഗീകരിക്കേണ്ടേതുമാണ്. എന്നാൽ ഓഡിറ്റ് വർഷം 09.09.22തീയതിയിൽ മാത്രമാണ PMC യോഗം ചേർന്നിട്ടുള്ളത്. എന്നാൽ മെമ്പർ സെക്രട്ടറി യോഗത്തിൽ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ല. കിടപ്പുരോഗികളുടെ ശാരീരികവും മാനസികവും സാമ്പത്തികവും സാമൂഹികവുമായ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള പാലിയോറ്റീവ് കെയർപദ്ധതിയുടെ സുഗമമായ നടത്തിന് PMC കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതിനും അംഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തി പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട്നമ്പർ/പേര് | ചെലവഴിച്ച തുക500000 | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 200000 | 62/22, മാനസികശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 110000 | 82/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 110000 | 0 |
| ജില്ലാ പഞ്ചായത്ത് | 870000 | 129/22, ലൈഫ് ഭവനപദ്ധതി(എസ് സിപി) So | 870000 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | 43/22, പാലിയേറ്റീവ് കെയർ പദ്ധതി | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 238311 | 61/22, അംഗൻവാടി കുട്ടികൾക്ക് അനുപൂരകപോഷകാഹാരം | 238311 | 0 |
| ജില്ലാ പഞ്ചായത്ത് | 262854 | 124/22, അംഗൻവാടി കുട്ടികൾക്ക് അനുപൂരകപോഷകാഹാരം SO) | 262854 | 0 |
| ജില്ലാ | 200000 | 125/22, മാനസികശാരീരിക | 200000 | 0 |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് | | വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (SO) | | |
| ജില്ലാ പഞ്ചായത്ത് | 1500000 | 48/22, കിഴങ്ങ് വർഗ്ഗ വിളക്കൃഷി | 1500000 | 0 |
| ജില്ലാ പഞ്ചായത്ത് | 722500 | 44/22, നെൽക്കൃഷി വികസനം | 722500 | 0 |
| ജില്ലാ പഞ്ചായത്ത് | 1150000 | 117/22, ലൈഫ് ഭവനപദ്ധതി ജനറൽ So | 1150000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 200000 | 117/22, ലൈഫ് ഭവനപദ്ധതി ജനറൽ So | 200000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 125000 | 61/22, അംഗൻവാടി കുട്ടികൾക്ക് അനുപൂരകപോഷകാഹാരം | 125000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 820000 | ലൈഫ് ഭവനപദ്ധതി(എസ് സിപി So | 820000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 150000 | 62/22, മാനസികശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 84000 | 173/22, പച്ചക്കറിക്കൃഷിക്ക് കൂലിച്ചെലവ് | 84000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 722500 | 44/22, നെൽക്കൃഷി വികസനം | 722500 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്റ്റ് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 177/22, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 24.03.22 | 1058784 | 0 | 1058784 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം പൊതുമരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുക നൽകിയിട്ടില്ല

## 4-4 വായ്പ /വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | വായ്പ തുക | തൻവർഷം എടുത്ത വായ്പ | തൻവർഷത്തെ വായ്പ ഉൾപ്പെടെ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2928105 | 520000 | 2280105 | 1144000 | 0 | 1136105 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014/15 | 2-4 | 2016/17 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-6 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-7 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-8 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2015/16 | 2-9 | 2016/17 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |
| 2016/17 | 2-4 | 2016/17 | വസ്തുനികുതി പരിഷ്കരണനടപടികൾക്ക് സ്ഥിരീകരണമില്ല | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58434236 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 48524215 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 256624 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) തടസ്സപ്പെടുത്തിയ തുകയുടെ വിവരം

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|
| 1-17 | 256624 | ശ്രീ. അലക്സാണ്ടർ എ, അസിസ്റ്റന്റ് എഞ്ചിനീയർ |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അലക്സാണ്ടർ എ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | കിണറുവിളയിൽ ഹൗസ്, മണക്കാല പി.ഒ., പത്തനംതിട്ട ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി 2-460/96 തീയതി | 1(5) |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി 2-257/98തീയതി | 1(2) |
| 1997-98 | എൽ.എഫ്.പി.റ്റി.എ.പി 5-558/11 തീയതി | 1(16) |
| 2003-04 | എൽ.എഫ്.പിറ്റിഎ.പി7-355/10തീയതി 04.10.10 | 5(3-2,3-3,3-6,3-11,3-12) |
| 2005-06 | എൽ.എഫ്.പിറ്റിഎ.പി5-1094/11 തീയതി 06.12.11/07.12.2013 | 3(3-5,3-20,3-21) |
| 2010-11 | എൽ.എഫ്.പിറ്റിഎ.പി5-406/12 തീയതി 07.06.2012/03.04.14 | 4(3-5,3-7,3-10,3-12) |
| 2011-12മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റിഎ.പി8-149/14 തീയതി 24.04.14/14.11.14 | 4(3-2,3-9,3-10,3-12) |
| 2013-14 | എൽ.എഫ്.പിറ്റിഎ.പി8-572/15 തീയതി 08.07.2015 | 9(3-1,3-2,3-3,3-4,3-5,3-6,3-10,3-11,3-16) |
| 2014-15 | കെ.എസ്.എ.പിറ്റി.എ.പി8-749/16 തീയതി 16.07..2016 | 7(3-1,3-2,3-3,3-4,3-10,3-14,3-16) |
| 2015-16 | കെ.എസ്.എ.പിറ്റിഎ.പി8-53/17 തീയതി 06.12.2017 | 4(2-6,2-7,2-8,2-9) |
| 2016-17 | കെ.എസ്.എ.പിറ്റിഎ.പി8-1117/17 തീയതി 03.10.2017 | 2(3-1,3-11) |
| 2017-18 | കെ.എസ്.എ.പിറ്റിഎ.പി8-1574/18 തീയതി 15.12.2018 | 2(3-2,3-6) |
| 2018-19 | കെ.എസ്.എ.പിറ്റിഎ.പി8-786/19 തീയതി 19.9.2019 | 3(1-15,1-24,1-25) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി8-581/2021 തീയതി 28.9.2021 | 3(1-14(3),1-18,1-19) |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി8 – 582/2021 തീയതി 29.9.2021 | 3(1-14, 1-18, 1-20) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ പുറമറ്റം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്